"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ് - ജീവനക്കാര്യം - ശ്രീമതി സീന കതിരൂ, ശ്രീമതി നേദ്യ പി.കെ എന്നിവർ യഥാക്രമം ഫയൽ ചെയ്ത OA[EKM] 872/2024, OA[EKM] 873/2024 കേസുകളിലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 03.07.2024 ലെ ഉത്തരവ് നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (എഫ്) വകുപ്പ്**

**സ.ഉ.(സാധാ) നം.380/2024/F&WLD തീയതി,തിരുവനന്തപുരം, 29-08-2024**

---

പരാമർശം:-

1. ശ്രീമതി.സീന കതിരൂ, ശ്രീമതി.നേദ്യ.പി.കെ എന്നിവർ സമർപ്പിച്ച 22.06.2024 - ലെ അപ്പീൽ അപേക്ഷകൾ.
2. OA[EKM] 872/2024, OA[EKM] 873 /2024 കേസുകളിലെ ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 03.07.2024 തീയതിയിലെ ഉത്തരവ്.
3. ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 07.08.2024 - ലെ KFDGQ/6078/2023-ADMIN/E3 നമ്പർ കത്ത്.

**ഉത്തരവ്**

കണ്ണൂർ നോർത്തേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസിലെ സീനിയർ ക്ലാർക്കുമാരായ ശ്രീമതി സീന കതിരൂ, ശ്രീമതി നേദ്യ പി.കെ എന്നിവർ സ്ഥലംമാറ്റത്തിനെതിരെ ഫയൽ ചെയ്ത OA[EKM] 872/2024, OA[EKM] 873/2024 കേസുകളിൽ, അപേക്ഷകർ സമർപ്പിച്ചിട്ടുള്ള അപ്പീൽ അപേക്ഷ പരിഗണിച്ച്, അപേക്ഷകരെ നേരിൽ കേട്ടതിനുശേഷം തീരുമാനം കൈക്കൊള്ളാൻ, ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു.

2. ശ്രീമതി സീന കതിരൂ നിലവിൽ ജോലി നോക്കുന്ന കണ്ണൂർ നോർത്തേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസിൽ

05.06.2017 മുതലും ശ്രീമതി നേദ്യ പി. കെ. കണ്ണൂർ നോർത്തേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസിൽ 05.06.2017 മുതലും ജോലി നോക്കി വരികയാണ്. ടി ജീവനക്കാർ നിലവിലെ ഓഫീസിൽ മൂന്നു വർഷത്തിൽ അധികമായി ജോലി നോക്കുകയാണ്. ആയതിനാൽ ഓൺലൈനായി പൊതുസ്ഥലംമാറ്റത്തിന് അപേക്ഷ സമർപ്പിക്കുകയും, ടിയാളുകളുടെ അപേക്ഷകളുടെ അടിസ്ഥാനത്തിൽ ടി ജീവനക്കാർ ആവശ്യപ്പെട്ട കോഴിക്കോട് സ്റ്റേഷനിൽ തന്നെ ഓൺലൈൻ മുഖേനെ സ്ഥലം മാറ്റം ലഭിക്കുകയും ചെയ്തു.

3. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം (2) ഉത്തരവിന്റെ അടിസ്ഥാനത്തിൽ, 25.07.2024-ാം തീയതിയിൽ ശ്രീമതി സീന കതിരൂ, ശ്രീമതി നേദ്യ പി. കെ, കേസിലെ എതിർ കക്ഷികളായി ചേർത്ത അനിൽ കുമാർ, കെ ഷാജി എന്നിവരെ നേരിൽ കേൾക്കുകയുണ്ടായി. അപ്പീൽ അപേക്ഷയിലും ഹിയറിംഗിലും ചുവടെ ചേർത്തിരിക്കുന്ന കാര്യങ്ങൾ ആണ് പ്രധാനമായും പറഞ്ഞിട്ടുള്ളത്.

i. 29.02.2024 ലെ E3-6078/2023 നമ്പർ പൊതുസ്ഥലം മാറ്റ സർക്കുലർ പ്രകാരം സ്ഥലം മാറ്റം നടത്തുമ്പോൾ ഉണ്ടാകുന്ന പ്രശ്നങ്ങളെ സംബന്ധിച്ചും ആയതു പരിഹരിച്ചു മാത്രമേ സ്ഥലം മാറ്റ ഉത്തരവ് പുറത്തിറക്കാവൂ എന്ന് അപേക്ഷിച്ചു കൊണ്ട് നൽകിയ അപേക്ഷ പരിഗണിക്കുകയോ അപേക്ഷയിൽ പറഞ്ഞിട്ടുള്ള അപാകതകൾ പരിഹരിക്കുകയോ ചെയ്യാതെയാണ് അന്തിമ സ്ഥലം മാറ്റ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നത്.

ii. സർക്കുലറിലെ മാർഗ്ഗ നിർദ്ദേശപ്രകാരം പൊതുസ്ഥലം മാറ്റത്തിന് അർഹതയുള്ള ജീവനക്കാർക്ക് 15 കിലോമീറ്റർ പരിധിക്ക് അപ്പുറത്തുള്ള ഓഫീസിലേക്ക് മാത്രമേ അപേക്ഷ സമർപ്പിക്കുവാൻ കഴിയുകയുള്ളു. വനം വകുപ്പിലെ ഓഫീസുകളുടെ ഘടനയനുസരിച്ച് ഏതാണ്ട് എല്ലാ ജില്ലകളിലും ഓഫീസ് കോമ്പ്ലക്സിൽ തന്നെ നിരവധി ഓഫീസുകൾ പ്രവർത്തിച്ചുവരുന്ന സാഹചര്യത്തിൽ സ്വന്തം ജില്ലയിൽ അപേക്ഷ സമർപ്പിക്കുന്നതിനുള്ള സാഹചര്യം വളരെ കുറവാണ്. ആയതിനാൽ സ്ഥലം മാറ്റം ആവശ്യമില്ലാതെ

തന്നെ മറ്റെവിടെയെങ്കിലും സ്ഥലം മാറ്റപ്പെടുമെന്ന ആശങ്കയിൽ മറ്റ് ജില്ലയിലെ ഓഫീസിലേക്ക് അപേക്ഷിക്കാൻ നിർബന്ധിതിതമായി.

**iii.** കണ്ണൂർ നോർത്തേൺ സർക്കിൾ ഓഫീസ് കോംപ്ലക്സിൽ **4** ഓഫീസുകളിലായി ആകെ **29** ക്ലർക്കുമാരാണുള്ളത് എന്നും നിലവിലുള്ള മാനദണ്ഡപ്രകാരം **15** കിലോമീറ്റർ പരിധിക്കപ്പുറത്ത് ആറളം വൈൽഡ് ലൈഫ് ഡിവിഷൻ, വൈൽഡ് ലൈഫ് റേഞ്ച്, കോളയാട് ഡിപ്പോ, തളിപ്പറമ്പ്, കൊട്ടിയൂർ, കണ്ണവം റേഞ്ചുകൾ മാത്രമാണുള്ളത് എന്നും ഇവിടങ്ങളിലായി ആകെ **11** ക്ലർക്ക് മാരുടെ തസ്തിക മാത്രമാണുള്ളത് എന്നും മേൽ പരാമർശിച്ച ഓഫീസുകളിലായി ആകെ ഈ വർഷം **2** റീപ്ലേസ്മെന്റ് മാത്രമാണ് ഉണ്ടായിരുന്നത്.

**iv.** തങ്ങളെക്കാൾ സീനിയർ ആയിട്ടുള്ള അതെ കോമ്പൌണ്ടിനുള്ളിലെ മറ്റ് ഓഫീസുകളിലെ ക്ലർക്കുമാർ അപേക്ഷിച്ചിട്ടുള്ള നിലക്ക് അതേ ഓഫീസിൽ തന്നെ അപേക്ഷ സമർപ്പിച്ചാൽ പരിഗണിക്കുകയില്ലെന്നതു കൊണ്ടാണ് ജില്ലക്ക് പുറത്തുള്ള ഓഫീസിലേക്ക് അപേക്ഷ സമർപ്പിക്കേണ്ടി വന്നത്. **95** കി.മീ. ദൂരത്തുള്ള ടി ഓഫീസിലേക്ക് ദിവസേന പോയി വരുന്നത് അസാധ്യമാണ് .

**v.** കണ്ണൂർ നോർത്തേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസിന്റെ പരിധിയിൽ താമസിച്ച് ജോലി ചെയ്യുക വഴി കുട്ടികളുടെ വിദ്യാഭ്യാസകാര്യത്തിലും പ്രായമായ അമ്മയുടെ കാര്യങ്ങൾ നോക്കുന്നതിനും, വീട്ടിലെ കാര്യത്തിലും സാമ്പത്തികമായും കുടുംബപരമായും വളരെയേറെ ബുദ്ധിമുട്ട് നേരിടേണ്ടി വരും എന്നും, ആയതിനാൽ ട്രാൻസ്ഫർ ഉത്തരവ് റദ്ദ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും ശ്രീമതി സീന കതിരൂർ പറഞ്ഞു. സമാനമായ ആവശ്യം ആണ് ശ്രീമതി നേദ്യ പി. കെയും ആവശ്യപെട്ടിട്ടുള്ളത്.

**vi.** എതിർ കക്ഷികളായി ചേർത്ത അനിൽ കുമാർ, കെ ഷാജി എന്നിവർ കണ്ണൂർ ഓഫീസിലേക്ക് വരുന്നതിൽ യാതൊരു താല്പര്യവുമില്ല എന്നും ആയതിനാൽ ട്രാൻസ്ഫർ ഉത്തരവ് റദ്ദ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ആവശ്യപെടുകയുണ്ടായി.

**4. 9.02.2024** ലെ **E3-6078/2023** നമ്പർ സർക്കുലർ പ്രകാരമാണ് പൊതുസ്ഥലം

മാറ്റത്തിനു വനം വകുപ്പിൽ അപേക്ഷ ക്ഷണിച്ചിട്ടുള്ളത് എന്നും അപേക്ഷയുടെ അടിസ്ഥാനത്തിൽ ചട്ട പ്രകാരം ലഭിച്ചിട്ടുള്ള സ്ഥലം മാറ്റത്തിനെതിരെയാണ് ഇരുവരും ബഹു അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ യഥാക്രമം **OA[EKM] 872 /2024, OA[EKM] 873 /2024** എന്നീ നമ്പർ കേസുകൾ ഫയൽ ചെയ്തിട്ടുള്ളത് എന്നും അപേക്ഷകർ സ്ഥലം മാറ്റം ലഭിച്ച ഓഫിസുകളിൽ ജോലിയിൽ പ്രവേശിച്ച ശേഷം അപേക്ഷകർ ആവശ്യപ്പെടുന്ന സ്ഥലങ്ങളിൽ ഭാവിയിൽ ഉണ്ടാകുന്ന ഒഴിവുകളിൽ ടിയാളുകൾക്കു സ്ഥലം മാറ്റം അനുവദിക്കുന്നതിന് കണ്ണൂർ, കോഴിക്കോട് ജില്ലകളിലെ ക്ലാർക്കുമാരുടെ നിയമന അധികാരിയായ നോർത്തേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്കു നിർദ്ദേശം നൽകുന്ന കാര്യം പരിഗണിക്കാവുന്നതാണ് എന്നും ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്യുകയുണ്ടായി.

**5.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. **29.02.2024** - ലെ **E3-6078/2023** നമ്പർ സർക്കുലർ പ്രകാരമാണ് പൊതുസ്ഥലം മാറ്റത്തിന് വനം വകുപ്പിൽ അപേക്ഷ ക്ഷണിച്ചിട്ടുള്ളത്. ജീവനക്കാർ സ്ഥലം മാറ്റം ആവശ്യപ്പെട്ട സ്റ്റേഷനുകളിലേക്ക് തന്നെ ആണ് സ്ഥലം മാറ്റം ലഭിച്ചിട്ടുള്ളത്. മേൽ സാഹചര്യത്തിൽ, പരാമർശം (1) ലെ അപ്പീൽ അപേക്ഷകൾ നിരസിക്കുന്നു. ശ്രീമതി സീന കതിരൂ, ശ്രീമതി നേദ്യ പി.കെ എന്നിവർ സ്ഥലമാറ്റം ലഭിച്ച ഓഫീസിൽ ജോലിയിൽ പ്രവേശിച്ച ശേഷം സ്ഥലമാറ്റത്തിന് അപേക്ഷ സമർപ്പിക്കുന്ന പക്ഷം, അപേക്ഷ പരിശോധിച്ചു സീനിയോറിറ്റി ഉള്ള ജീവനക്കാരുടെ മറ്റു അപേക്ഷകൾ ഇല്ലെങ്കിൽ, നിലവിൽ ജോലി ചെയ്ത സീറ്റിൽ സ്ഥലം മാറ്റം നല്കരുത് എന്ന വ്യവസ്ഥയോടെ, അപേക്ഷകർക്ക് മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിൽ സ്ഥലം മാറ്റം അനുവദിക്കുന്നകാര്യത്തിൽ ഉചിതമായ തീരുമാനം എടുക്കാൻ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്കു നിർദേശം നൽകുന്നു.

**6.** മേൽ പ്രകാരം **OA[EKM] 872/2024, OA[EKM] 873/2024** കേസുകളിലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം (2) ലെ ഉത്തരവ്

നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**സീത എസ് ലക്ഷ്മി**
**അണ്ടർ സെക്രട്ടറി**

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ(ഭരണം), തിരുവനന്തപുരം.
അഡ്വക്കേറ്റ് ജനറൽ,എറണാകുളം(ആമുഖ കത്ത് സഹിതം).
ശ്രീമതി.സീന കതിരൂ, സീനിയർ ക്ലാർക്ക്, **Keloth House, Midavilode, Iriveri(P.O), Kannur-670613.**
ശ്രീമതി.നേദ്യ.പി.കെ, സീനിയർ ക്ലാർക്ക്, **Shimna Nivas, Bavode.P.O, Kannur-670622.**
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്)കേരള,തിരുവനന്തപുരം.
വെബ് & ന്യൂമീഡിയ.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Noushad. S
Date: 29-08-2024 15:17:50
സെക്ഷൻ ഓഫീസർ